(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) 'ടെക്നോലോഡ്ജ്' പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) 'ടെക്നോലോഡ്ജ്' പദ്ധതി എപ്പോൾ നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടേയും മറ്റ് സർക്കാർ ഏജൻസികളുടേയും കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ ദീർഘകാല പാട്ടത്തിന് സൗജന്യ നിരക്കിൽ ഏറ്റെടുത്ത് ഐ.ടി.-ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഐ. ടി. ബിസിനസ്സ് നടത്തുവാൻ വരുന്നവർക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ടെക്നോലോഡ്ജ്. ഇപ്രകാരം ലഭ്യമാകുന്ന വാടകയുടെ 10% പഞ്ചായത്തിനോ സർക്കാർ ഏജൻസിക്കോ നൽകുകയും ചെയ്യും. ഐ. ടി. തൊഴിൽ സാദ്ധ്യതകൾ ഗ്രാമപ്രദേശങ്ങളിൽകൂടി എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(ബി) 2007-08-ൽ സംസ്ഥാനത്ത് ചെറുകിട ഐ. ടി. പാർക്കുകൾ സ്ഥാപിക്കാൻ ഒറ്റത്തവണ കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപയിൽ നിന്നാണ് ഇതിലേക്കുള്ള ചെലവുകൾ നടത്തുന്നത്.

(സി) കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി 11 സ്ഥലത്ത് ടെക്നോലോഡ്ജ് ആരംഭിക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഐ.ടി.-ക്ക് ആവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ പഞ്ചായത്തുകളുടേയും മറ്റ് സർക്കാർ ഏജൻസികളുടേയും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ ദീർഘകാല പാട്ടത്തിന് സൗജന്യ നിരക്കിൽ ഏറ്റെടുത്ത്, ആവശ്യമായ സൗജന്യങ്ങൾ ഏർപ്പെടുത്തി ഐ. ടി. ബിസിനസ്സിന് വരുന്നവർക്ക് വാടകയ്ക്ക് നൽകുകയും ലഭിക്കുന്ന വാടകയുടെ 10% ബന്ധപ്പെട്ട പഞ്ചായത്തുകൾക്കോ സർക്കാർ ഏജൻസികൾക്കോ നൽകുക എന്നതുമാണ് ഇപ്പോൾ ഇത് സംബന്ധിച്ചുള്ള തീരുമാനം.

(ഡി) പൈലറ്റ് പദ്ധതിയായി കൊല്ലം, ജില്ലയിലെ പെരിനാടും കടയ്ക്കലും ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ തിരുമാറാടി, കൊല്ലം ജില്ലയിലെ വെളിയം കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ജൈൻ മൈനോറിറ്റി സെൽ രൂപീകരണം

25 (2497) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ജൈൻ മൈനോറിറ്റി സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആരിൽ നിന്ന് നിവേദനം ലഭിച്ചുവെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ പദവിയുള്ള ജൈന മതവിഭാഗത്തിന് സംസ്ഥാനത്ത് ന്യൂനപക്ഷപദവി നൽകുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ആക്ട് 1992-ലെ സെക്ഷൻ 2 (സി) അനുസരിച്ച് മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി എന്നീ അഞ്ച് മതവിഭാഗങ്ങളെ മാത്രമാണ് കേന്ദ്ര സർക്കാർ ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുള്ളത്.

ടെക്നോസിറ്റി ഉൾപ്പെടെയുള്ള ഐ. ടി. പാർക്കുകൾക്കുവേണ്ടി സർക്കാർ ഗ്യാരന്റിയോടെ എടുത്ത ബാങ്ക് ലോണുകൾ

26 (2498) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്നോസിറ്റി ഉൾപ്പെടെയുള്ള ഐ.ടി പാർക്കുകൾക്കുവേണ്ടി സർക്കാർ ഗാരന്റിയോടെ ഇതുവരെ എത്ര കോടി രൂപയുടെ ബാങ്ക് ലോണുകൾ എടുത്തിട്ടുണ്ടെന്ന് ലഭ്യമാക്കുമോ ;

(ബി) ഏതൊക്കെ ബാങ്കുകളിൽ നിന്നുമാണ് ഇത്തരത്തിൽ വായ്പ എടുത്തിട്ടുള്ളത് ;

(സി) പ്രസ്തുത ബാങ്ക് ലോൺ തിരിച്ചടക്കുന്നതിന് എത്ര വർഷത്തെ കടാശ്വാസ കാലാവധി ആണ് ബാങ്കുകൾ അനുവദിച്ചിരിക്കുന്നത് ;

(ഡി) പ്രസ്തുത കാലാവധി എന്നവസാനിക്കും; കാലാവധി അവസാനിക്കുമ്പോൾ ഈ വായ്പയുടെ തിരിച്ചടവായി പ്രതിമാസം എത്രകോടി രൂപ അടയ്ക്കേണ്ടിവരും ?

ഉത്തരം

(എ & ബി) കൊല്ലം ടെക്നോപാർക്കിനുവേണ്ടി നബാർഡിൽ നിന്നും RIDF സ്കീമിൽ 65.7744 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻഫോപാർക്ക് അതുല്യ ബിൽഡിംഗ് കോംപ്ലക്സിന് വേണ്ടി 60.26 കോടി രൂപയും അമ്പലപ്പുഴ ഇൻഫോപാർക്കിന്റെ ജലവിതരണത്തിനായി 3.92 കോടി രൂപയുടേയും നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly